SUNDAY

22/09/2024

ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Nizam S A

Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/09/2024

1. ഈ വർഷം സംസ്ഥാനത്ത് 1000 ഹെക്ടർ വിസ്തൃതിയിൽ 11 ഇനം ഫലവൃക്ഷ വിളകളുടെ കൃഷി വ്യാപിപ്പിക്കും. നാടൻ ഫലവർഗ്ഗ വിളകളായ മാവ്, പ്ലാവ്, വാഴ, പപ്പായ എന്നിവയ്ക്കൊപ്പം മാങ്കോസ്റ്റിൻ, റംബുട്ടാൻ, ഡ്രാഗൺ ഫ്രൂട്ട്, അവക്കാഡോ തുടങ്ങിയ ഫല വർഗ്ഗ വിളകളെയും ക്ലസ്റ്റർ അധിഷ്ഠിത കൃഷിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫലവൃക്ഷ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ ഈ വർഷം തന്നെ 200 ക്ലസ്റ്ററുകൾ കൃഷി വകുപ്പിൻറെ നേതൃത്വത്തിൽ സംസ്ഥാനത്ത് രൂപവത്കരിക്കുന്നതാണ്. ഫല വർഗ്ഗങ്ങളുടെ അത്യുല്പാദനശേഷിയുള്ള തൈകൾ ലഭ്യമാക്കുക, സംസ്ഥാനത്തെ പഴവർഗ്ഗ ഉൽപ്പാദനം വർദ്ധിപ്പിക്കുക, അതുവഴി പോഷക സമൃദ്ധിയിലേക്ക് നീങ്ങുക എന്നീ ലക്ഷ്യങ്ങളോടെയാണ് ആരംഭിച്ചിട്ടുള്ളത്. പോഷക സമൃദ്ധി കൈവരിക്കുന്നതിനാവശ്യമായ വിളകളെ ഉൾപ്പെടുത്തി പോഷക തോട്ടങ്ങൾ, കൃഷി ക്ലസ്റ്ററുകൾ, കൂൺ ഗ്രാമങ്ങൾ, മില്ലറ്റ് കഫേ, സംരക്ഷിത കൃഷി, പരമ്പരാഗത കൃഷി ഇനങ്ങളുടെ വ്യാപനം, കൃത്യത കൃഷി, തരിശു നില കൃഷി തുടങ്ങിയവ വ്യാപകമാക്കുവാനും ലക്ഷ്യമിട്ടിരിക്കുന്നു.

2. കേരള വെറ്ററിനറി ആന്റ് അനിമൽസയൻസസ് സർവ്വകലാശാലയുടെ 2023-24 വർഷത്തെ വിവിധ പിജി സർട്ടിഫിക്കറ്റ്/ഡിപ്ലോമ വിദൂരവിദ്യാഭ്യാസ കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. വെറ്ററിനറി ഹോമിയോപ്പതി, ഫാം ജേർണലിസം, പൗൾട്രി എന്റർപ്രണർഷിപ്പ്, എത്ത്നോഫാർമക്കോളജി, പെറ്റ്ഫീഡ്മാനുഫാക്ചറിങ് ടെക്നോളജി, ടോക്സിക്കോളജിക് പാത്തോളജി, ഫുഡ് സേഫ്റ്റി ആന്റ് ക്വാളിറ്റി അഷ്വറൻസ്, ഡെയറി എന്റർപ്രണർഷിപ്പ്, അനിമൽ ഫോറൻസിക്സ്, പെറ്റ് ഗ്രൂമിങ് ഹെൽത്ത് ആന്റ് വെൽഫെയർ തുടങ്ങിപിജി,പിജിഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്കാണ് അപേക്ഷക്ഷണിച്ചിരിക്കുന്നത്. യോഗ്യത സംബന്ധിച്ച കൂടുതൽവിവരങ്ങൾക്കും

പ്രോസ്പെക്ടസിനും സർവ്വകലാശാലയുടെ വെബ്സെറ്റായ www.kvasu.ac.in സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേ അവസാന തിയ്യതി സെപ്റ്റംബർ 25. ഓൺലൈൻ ആപ്ലിക്കേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമുമ്പായി പ്രോസ്പെക്ടസ് കൃത്യമായി വായിച്ചു മനസ്സിലാക്കേതാണ്. അപേക്ഷിക്കുന്നവർ വെബ്സൈറ്റ് സ്ഥിരമായി നോക്കി വിവരങ്ങൾ അറിയണം, അപേക്ഷകർക്ക് പ്രത്യേകം അറിയിപ്പുകൾ അയയ്ക്കുന്നതല്ല.

3. കാർഷിക സർവകലാശാല, ഫോറസ്റ്ററി കോളേജിൽ ഒഴിവുള്ള യങ് പ്രൊഫഷണൽ തസ്തികയിലേക്ക് 25.09 2024 ന് രാവിലെ 10 മണിയ്ക്ക് വെള്ളാനിക്കര ഫോറസ്റ്ററി കോളേജിൽ വെച്ച് വാക്ക് ഇൻ ഇൻറർവ്യൂ നടത്തുന്നു. എം എസ് സി ഫോറസ്റ്ററി/ ലൈഫ് സയൻസ് ബിരുദധാരികൾക്ക് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് www.kau.in സന്ദർശിക്കുക.

### പരിശീലന പരിപാടി

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ബ്ലോക്ക് റബ്ബർ പരിശോധനയിൽ രണ്ടു ദിവസത്തെ പ്രത്യേക പരിശീലനം നൽകുന്നു. ബ്ലോക്ക് റബ്ബർ ഗുണമേന്മാനിയന്ത്രണം, സ്റ്റാൻഡേർഡ് ടെസ്റ്റിങ് രീതികളും പ്രാധാന്യവും, സാമ്പിൾശേഖരണത്തിന്റെ നടപടിക്രമങ്ങൾ, ബ്ലോക്ക് റബ്ബർ പരിശോധന തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളപരിശീലനം സെപ്റ്റംബർ 25,26 തീയതികളിൽ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം